## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2195 — 07.12.2015 ൽ മറുപടിയ്ക്ക്

### പുതിയ ജോയിന്റ് ആർ.റ്റി ഓഫീസുകൾ

**ചോദ്യം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ :

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ വന്നതിനു ശേഷം അനുവദിച്ച എല്ലാ താലൂക്കുകളിലും ജോയിന്റ് ആർ.റ്റി ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ താലൂക്കുകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും ഇനി അനുവദിക്കാനുള്ള താലൂക്കുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ; | (എ) | ഇല്ല. ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച 12 താലൂക്കുകളിൽ, ഇടുക്കി താലൂക്കിൽ ആർ.ടി.ഓഫീസും, പട്ടാമ്പി, ചാലക്കുടി, പുനലൂർ, താമരശ്ശേരി എന്നീ താലൂക്കുകളിൽ സബ് ആർ.ടി.ഓഫീസുകളും നേരത്തേ തന്നെ പ്രവർത്തിച്ച് വരുന്നുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ സബ് ആർ.ടി. ഓഫീസുകൾ അനുവദിക്കുക എന്നതിലുപരി വാഹന പെരുപ്പം, ജനങ്ങൾക്ക് സമയ ബന്ധിത സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പുതിയ ഓഫീസുകൾ തുടങ്ങുന്നതിന് പരിഗണിക്കാറുള്ളത്. അതിനാൽ ഓരോ താലൂക്കിലും സബ് ആർ.ടി.ഓഫീസ് അനുവദിക്കണമെന്ന് നിർബന്ധമില്ല. |
| (ബി) | അനുവദിക്കാനുള്ള താലൂക്കുകളിൽ ജോയിന്റ് ആർ.റ്റി ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും എന്നത്തേക്ക് നടപടികൾ പൂർത്തിയാക്കുമെന്നും വിശദമാക്കുമോ ? | (ബി) | ഇല്ല. |

Deepthi

സെക്ഷൻ ഓഫീസർ